
⇨ സാനിറ്ററി നാപ്കിനുകൾ പ്രസ്തുത കമ്പനിയിലേക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു ⇨




# നമ്മുടെ ആർത്തവം കോർപ്പറേറ്റുകൾക്ക് ലാഭമുണ്ടാക്കാനുള്ളതല്ല

ആർത്തവവുമായി ബന്ധപ്പെട്ട ചർച്ചകളും ക്യാമ്പയ്നുകളും ഇന്ന് കേരളത്തിൽ സജീവമാണ്. അപമാനമായി കരുതിയിരുന്ന കാര്യങ്ങൾ തുറന്നു സംസാരിക്കുന്നതിനുള്ള സാഹചര്യം സംജാതമായിരിക്കുന്നു. എന്നിട്ടും സാനിട്ടറി പാഡുകളുടെ നിർമ്മാതാക്കളായ ബഹുരാഷ്ട്രകുത്തകൾ ആരോഗ്യവും പരിസ്ഥിതിയും നശിപ്പിച്ച് ഇപ്പോഴും കൊള്ളലാഭമുണ്ടാക്കുകയാണ്. ഈ വിഷയം കൂടി ക്യാമ്പയ്നുകൾ അടിയന്തരമായി ഏറ്റെടുക്കേണ്ടത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുന്നു ഇക്കാര്യങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുന്ന പുതിയ കൂട്ടായ്മയായ 'സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ കേരള'യുടെ മുഖ്യ പ്രവർത്തക.

**ശ്രദ്ധ ശ്രീജയ**

**തയ്യാറാക്കിയത്: ജംഷീന മുല്ലപ്പാട്ട്**

2014 ഡിസംബറിൽ കേരളത്തിലെ മെട്രോ നഗരമായ കൊച്ചിയിൽ വളരെ അസ്വാഭാവികമായ ഒരു സംഭവമുണ്ടായി. കാക്കനാട്ടെ പ്രത്യേക സാമ്പത്തിക മേഖല (സെസ്)യിൽ പ്രവർത്തിക്കുന്ന അസ്മാ റബ്ബേഴ്സ് എന്ന റബ്ബർ ഉത്പന്ന ഫാക്ടറിയിലെ ശുചിമുറിയിൽ ആർത്തവ രക്തം പുരണ്ടുകിടക്കുന്ന ഒരു സാനിറ്ററി നാപ്കിൻ കണ്ടെത്തി. ആരാണ് ഇതിന്റെ ഉത്തരവാദി എന്ന് കണ്ടെത്താൻ മാനേജ്മെന്റിന്റെ നിർദേശപ്രകാരം രണ്ട് സ്ത്രീ സൂപ്പർവൈസർമാർ അവിടെയുള്ള ജോലിക്കാരായ നാൽപ്പത് സ്ത്രീ തൊഴിലാളികളെ നഗ്നരാക്കി ശരീരപരിശോധന നടത്തി. വ്യക്തികളുടെ അന്തസ്സിനെ ചോദ്യം ചെയ്യുന്ന സംഭവമുണ്ടായിട്ടും പോലീസ് കേസെടുക്കാൻ തയ്യാറായില്ല. നവമാധ്യമങ്ങളിൽ കുറച്ചുനാൾ പ്രശ്നം ചർച്ച ചെയ്യപ്പെട്ടെങ്കിലും പതിയെ അതും കെട്ടടങ്ങി. ഫാക്ടറി മാനേജർ സൂപ്പർവൈസർമാർക്കെതിരെ നടപടിയെടുക്കാത്തതിനെത്തുടർന്ന് ഒരു സംഘം സ്ത്രീകൾ, ഉപയോഗിച്ചതും അല്ലാത്തതുമായ സാനിറ്ററി നാപ്കിനുകൾ പ്രസ്തുത കമ്പനിയിലേക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു. ഈ കാംപയ്നിങ്ങിന് 'റെഡ് അലെർട്ട്: യൂ ഹാവ് ഗോട്ട് എ നാപ്കിൻ' എന്ന പേരിട്ടു. അതും ഏറക്കാലം നീണ്ടില്ല.

ആദ്യകാലഘട്ടങ്ങളിൽ ആർത്തവസമയത്തെ രക്തം ശേഖരിക്കാൻ തുണിയോ, മരത്തോലോ, മണ്ണോ ആയിരുന്നു സ്ത്രീകൾ ഉപയോഗിച്ചിരുന്നത്. കാലത്തിന്റെ 'വളർച്ച'ക്കനുസരിച്ച് ഇപ്പോൾ അത് സാനിറ്ററി നാപ്പ്കിനുകളിൽ എത്തിനിൽക്കുന്നു. സാനിറ്ററി നാപ്പ്കിന്റെ നിർമ്മാണ രംഗത്ത് ഇന്ത്യയിൽ പ്രധാനമായും മൂന്ന് കമ്പനികളാണുള്ളത്. ജോൺസൺ ആന്റ് ജോൺസൺ, ഹിന്ദുസ്ഥാൻ യൂണിലിവർ, പ്രോക്ടർ ആന്റ് ഗാംബിൾ. ഡൗൺ ടു എർത്ത് മാസികയുടെ കണക്കുപ്രകാരം ഇന്ത്യൻ സ്ത്രീ ജനസംഖ്യയുടെ (300 മില്ല്യൺ) 12 ശതമാനം, അതായത് 36 മില്ല്യൺ ആർത്തവമുള്ള സ്ത്രീകൾ സാനിറ്ററി നാപ്കിനുകൾ ഉപയോഗിക്കുന്നുണ്ട്. ഇത് പഴയ കണക്കാണ്, ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. അതായത് ഒരു സ്ത്രീക്ക് 40 വർഷം വരെ ആർത്തവമുണ്ടാകും. 36 മില്ല്യൺ സ്ത്രീകൾ 40 വർഷം കൊണ്ട് പുറന്തള്ളുന്നത് ഭീമമായ സാനിറ്ററി നാപ്കിൻ മാലിന്യമാണ്. മാലിന്യമെന്ന് പ

⇨ ഇവിടെയാവട്ടെ വർഷങ്ങൾ പഴക്കമുള്ള ആശുപത്രി മാലിന്യങ്ങൾ കത്തിക്കാൻ കെട്ടിക്കിടക്കുകയാണ് ⇨

റയാനുള്ള കാരണം സാനിറ്ററി നാപ്കിനുകൾ 90 ശതമാനവും പ്ലാസ്റ്റിക് ആണ് എന്നതിനാലാണ്. ഒരിക്കലും നശിക്കാത്തവ. ആർത്തവ രക്തം കളഞ്ഞ് ഇവ പുനഃരുപയോഗിക്കാനും സാധിക്കില്ല. നമ്മുടെ സ്ത്രീകൾ ഓരോ മാസവും പുറന്തള്ളുന്നത് വലിയ തോതിലുള്ള മാലിന്യമാണെന്ന് സാരം.

പ്ലാസ്റ്റിക്, മരത്തിന്റെ പൾപ്പ്, സ്രവണം വലിച്ചെടുക്കുന്ന സൂപ്പർ അബ്സോർബെന്റ് ജെൽ എന്നീ അസംസ്കൃത വസ്തുക്കളുടെ മിശ്രിതമാണ് നാപ്കിനുകൾ. അസംസ്കൃത വസ്തുക്കൾ ഉത്പന്നമായി രൂപാന്തരം വരുത്തണമെങ്കിൽ ക്ലോറിൻ കൊണ്ടുള്ള ബ്ലീച്ചിങ് അത്യന്താപേക്ഷിതമാണ്. അതിനാൽത്തന്നെ ഡയോക്സിൻ, ഫ്യൂറാനുകൾ എന്നീ അതിമാരക വിഷവസ്തുക്കൾ സാനിറ്ററി നാപ്കിനുകളിൽ അടങ്ങിയിരിക്കുന്നു. അതായത് നാപ്കിനുകളുടെ മാലിന്യം നശിപ്പിക്കാൻ ഒന്നുകിൽ കുഴിച്ചിടണം അല്ലെങ്കിൽ കത്തിക്കണം. കുഴിച്ചിടുകയാണെങ്കിൽ ഡയോക്സിനുകൾ മണ്ണിൽ കലർന്ന് അത് വെള്ളത്തിലെത്താനുള്ള സാധ്യതയുണ്ട്. ഇനി കത്തിക്കുകയാണെങ്കിൽ 300 ഡിഗ്രിക്ക് മുകളിൽ ഇൻസിനറേറ്ററുകളിൽ ഇട്ടുവേണം കത്തിക്കാൻ. ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എയുടെ പാലക്കാട് മലമ്പുഴയിലെ യൂണിറ്റിൽ (ഇമേജ്) മാത്രമാണ് നിലവിൽ ഇൻസിനറേറ്ററുകൾ ഉള്ളത്. ഇവിടെയാവട്ടെ വർഷങ്ങൾ പഴക്കമുള്ള ആശുപത്രി മാലിന്യങ്ങൾ കത്തിക്കാൻ കെട്ടിക്കിടക്കുകയാണ്. മലമ്പുഴ ഡാമിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഈ ഇൻസിനറേറ്ററിനെതിരെ തദ്ദേശീയർ സമരത്തിലുമാണ്.

വീടുകളിലും ഹോസ്റ്റലുകളിലും സ്ത്രീകൾ ചെയ്യുന്നത് പാഡുകൾ കൂട്ടമായിട്ട് കത്തിക്കുകയാണ്. ഇവ കത്തുമ്പോൾ ഡയോക്സിനുകൾ പുറത്ത് വരും. ഇത് മാരകമായ വായു മലിനീകരണത്തിന് കാരണമാക്കും. അതുമല്ലെങ്കിൽ വീടുകളിൽ നിന്നുള്ള മാലിന്യത്തിന്റെ കൂടെ സാനിറ്ററി പാഡുകളും പുറന്തള്ളുന്നു. മാലിന്യം ശേഖരിക്കുന്ന തൊഴിലാളികൾ മാലിന്യങ്ങൾ കൈകൊണ്ടാണ് തരംതിരിക്കുക. സാനിറ്ററി പാഡുകളിൽ കൈകൊണ്ട് സ്പർശിക്കുമ്പോൾ അതിൽ അടങ്ങിയിട്ടുള്ള ഇകോളി ബാക്ടീരിയ, സാൽമോനെല്ല, സ്റ്റഫിലോ കോക്കസ് എച്ച് ഐ വി, പാത്തോജൻസ് തുടങ്ങിയ സൂക്ഷ്മാണുക്കൾ ശരീരത്തിൽ പ്രവേശിക്കാൻ സാധ്യതയുണ്ട്. മാലിന്യങ്ങൾ കത്തിക്കാതെ ശാസ്ത്രീയമായി സംസ്കരിക്കാനുള്ള നിയമങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ സാനിറ്ററി നാപ്കിനുകളുടെ കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല എന്നതാണ് അവസ്ഥ. ഇതിനിടയിലും സുരക്ഷിതമായ, സ്ഥായിയായ ആർത്തവകാലം സ്ത്രീകൾക്ക് ഉണ്ടാവണമെന്ന് ശബ്ദിക്കാനും ബദലുകൾ അവതരിപ്പിക്കുന്നതിനും ചില കൂട്ടായ്മകൾ രംഗത്തെത്തിയിട്ടുണ്ട്. പോണ്ടിച്ചേരിയിലെ എക്കോ-ഫെമ്മ എന്ന കൂട്ടായ്മ 'സ്ഥായിയായ ആർത്തവം' എന്നതിൽ ഇന്ത്യയിൽ ക്യാംപയിനുകൾ നടത്തുന്നുണ്ട്. കൂടെ തുണി കൊണ്ടുള്ള പാഡുകളുടെ നിർമ്മാണവും വിതരണവും നടത്തുന്നു. കോടികൾ ചെലവിട്ട് ഭീമമായ കൊള്ളലാഭം കൊയ്യുന്ന വിസ്പർ, സ്റ്റേഫ്രീ പോലുള്ള ഉത്പന്നങ്ങൾ പരിസ്ഥിതിയേയും സ്ത്രീകളുടെ ആരോഗ്യത്തേയും നശിപ്പിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഉത്പന്നങ്ങൾ പുറത്തിറക്കുന്നവർക്ക് അതിന്റെ മാലിന്യങ്ങൾ എങ്ങിനെ നശിപ്പിക്കണം എന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ല. ഈ നാപ്കിനുകളുടെ ഉപയോഗത്തിലൂടെ കാൻസർ, ഗർഭാശയ രോഗങ്ങൾ മുതലായവ ഉണ്ടായിട്ടും എന്തുകൊണ്ടോ സ്ത്രീകൾ വീണ്ടും ഇതേ ബ്രാന്റുകൾ തന്നെ ഉപയോഗിക്കുന്നു. ഈ കുത്തകകളെ തകർക്കാൻ ഒരു മാർഗ്ഗമേയുള്ളൂ, ഇവിടെ ബദലുകൾ ഉണ്ടാവണം. ആർത്തവത്തെക്കുറിച്ചുള്ള മിഥ്യാ കാഴ്ചപ്പാടുകൾ മാറണം. കേരളത്തിൽ ആ ദിശയിലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ശക്തിപ്പെടുന്നുണ്ട്. അതിന് നേതൃത്വം വഹിക്കുന്ന 'സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ' എന്ന കൂട്ടായ്മയിലെ ഒരംഗമായ ശ്രദ്ധ ശ്രീജയ സംസാരിക്കുന്നു.

**സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ കേരള കൂട്ടായ്മ എങ്ങനെയാണ് കേരളത്തിൽ ഉണ്ടാവുന്നത്?**

ഞാൻ എം.എസ്സി ഇക്കോളജി ആന്റ് എൻവിറോൺമെന്റൽ സയൻസ് ആണ് പഠിച്ചത്. പോണ്ടിച്ചേരിയിൽ താമസിക്കുന്ന സമയത്താണ് ഇക്കോ-ഫെമ്മെ കൂട്ടായ്മയുമായി ബന്ധപ്പെടുന്നത്. തുണികൊണ്ടുള്ള പാഡുകൾ ഉണ്ടാക്കി വിതരണത്തിന് വേണ്ടി മാർക്കറ്റുകളിൽ എത്തിക്കുകയാണ് ഇവർ ചെയ്യുന്നത്. തമിഴ്നാട്ടിൽ റൂറൽ ഔട്ട്റീച്ച് പരിപാടികൾ എക്കോ-ഫെമ്മ ചെയ്യുന്നുണ്ട്. പത്ത് വർഷമായി മെൻസ്ട്രേഷൻ കൂട്ടായ്മ ഉണ്ടാക്കി ഇക്കോ-ഫെമ്മ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായതോടുകൂടിയാണ് സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ എന്ന പൊളിറ്റിക്കൽ വർക്കിന്റെ കൂടെ ചേരുന്നത്. കേരളത്തിൽ ആർത്തവം ഒരു പ്രശ്നമായി ഉയർന്നുവന്നത് ശബരിമലയിൽ സ്ത്രീകളുടെ പ്രവേശനവുമായി ബ



സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ കേരളയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വനിതാ ദിനത്തിൽ തിരുവനന്തപുരം മാനവീയം വീഥിയിൽ നടത്തിയ പരിപാടിയിൽ തുണികൊണ്ടുള്ള സാനിട്ടറി പാഡുകൾ പരിചയപ്പെടുത്തുന്നു.

ന്ധപ്പെട്ടാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിലും സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ കൂട്ടായ്മ വേണമെന്ന ആലോചന വരുന്നത്. ആ കാലയളവിൽ തന്നെയാണ് തിരുവനന്തപുരം നഗരസഭ 'കിച്ചൺ ബിൻ' കാംപയ്നിങ് കൊണ്ടുവരുന്നത്. വീടുകളിൽ നിന്നും വേസ്റ്റ് ശേഖരിച്ച് കൊണ്ടുപോയി സംസ്കരിക്കുന്ന പദ്ധതിയാണിത്. ഇതിൽ ഉപയോഗിച്ചുകഴിഞ്ഞ പാഡുകളും അവർ ശേഖരിച്ചിരുന്നു. വളരെ മടിച്ചാണ് ഈ വീട്ടിൽ പാഡുകളുണ്ടോ എന്ന് നഗരസഭയുടെ ജോലിക്കാർ ചോദിച്ചിരുന്നത്. ഇങ്ങനെ മടിയോടെയും അറപ്പോടെയും കാണേണ്ട ഒന്നല്ല സ്ത്രീകളുടെ ആർത്തവം എന്ന് മനസ്സിലാക്കിയതിലൂടെയാണ് കേരളത്തിൽ ഈ കൂട്ടായ്മ അത്യാവശ്യമാണെന്ന് തോന്നിയത്. കോഴിക്കോട് 'റെഡ് സൈക്കിൾ' എന്ന പേരിൽ അർജുൻ ഉണ്ണികൃഷ്ണൻ എന്ന പത്തൊൻപതുകാരൻ ഒരു കൂട്ടായ്മ നടത്തുന്നുണ്ടെന്ന് പല അന്വേഷണങ്ങളിലൂടെയും അറിഞ്ഞു. ഒരു പത്തൊൻപതു വയസ്സുകാരൻ ആർത്തവം സംബന്ധിച്ച ക്ലാസുകൾ എടുക്കുന്നു എന്നറിഞ്ഞത് വളരെയധികം ആവേശമുണ്ടാക്കി. കോഴിക്കോട് തന്നെ മെഡിക്കൽ കോളേജിലെ വിദ്യാർഥികൾ 'ഹൈക്കു' എന്ന കൂട്ടായ്മയിലൂടെ ആർത്തവത്തെക്കുറിച്ച് സംസാരിക്കുന്നു. തൃശൂർ രാജേഷ് രശ്മിയുടെ 'വീക്ക് അപ്പ്', മീരതമ്പാന്റെ 'നമസ്കൃതി' തുടങ്ങിയ ഗ്രൂപ്പുകൾ തുണികൊണ്ടുള്ള പാഡ് ഉണ്ടാക്കി വിതരണം ചെയ്യുന്നു. 'കനിക' എന്ന് പേരുള്ള ഒരു കുടുംബശ്രീ ഗ്രൂപ്പ് കോട്ടൺ പാഡുകൾ ഉണ്ടാക്കുന്നു തുടങ്ങിയ വിവരങ്ങൾ എന്റെ അന്വേഷണങ്ങളിലൂടെ ലഭിച്ചു. കേരളത്തിലെ ചെറിയൊരു വിഭാഗം ആളുകൾ ഇങ്ങനെ ആത്മാർഥമായി പണിയെടുക്കുന്നുണ്ട്. അതും ഈ കൂട്ടായ്മ തുടങ്ങാൻ ഒരു കാരണമായി. നിലവിൽ ഇതൊരു ഫേസ്ബുക്ക് കൂട്ടായ്മയാണ്. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ഈ കൂട്ടായ്മയിൽ ഉണ്ട്. ആർത്തവത്തെക്കുറിച്ചുള്ള വിദ്യാഭ്യാസം, തുണി ഉപയോഗിച്ചുള്ള പാഡുകളുടെ നിർമ്മാണം, നയപരമായ ഇടപെടലുകൾ എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. മാർച്ച് എട്ടിന് വനിതാ ദിനത്തിൽ തിരുവനന്തപുരം മാനവീയം വീഥിയിൽ 'സെലിബ്രേറ്റ് മെൻസ്ട്രേഷൻ' എന്ന പരിപാടി സംഘടിപ്പിച്ചു. തെരുവിൽ ഒരുപാട് ആളുകൾ അവരുടെ ആർത്തവാനുഭവങ്ങൾ പങ്കുവെച്ചു. ഡെപ്യൂട്ടി മേയർ അന്ന് പൊതുവേദിയിൽ പറഞ്ഞത് സാനിറ്ററി നാപ്കിനുകളുടെ വിപണിയിൽ വലിയൊരു കോർപ്പറേറ്റ് കുത്തക തന്നെയുണ്ട്, ഇവരുടെ ആധിപത്യം തകർക്കണം, അതിന് തുണികൊണ്ടുള്ള പാഡുകൾ വിപണിയിൽ എത്തിക്കണം എന്നാണ്. ഈ കൂട്ടായ്മയ്ക്ക് പൂർണ്ണ പിന്തുണയും ഡെപ്യൂട്ടി മേയർ അന്നു നൽകി. സങ്കടകരമായ കാര്യം ഇങ്ങനെയൊരു പരിപാടി നടത്തന്നതായിട്ട് കേരളത്തിലെയും, ദേശീയ തലത്തിലെയും മാധ്യമങ്ങളെ അറിയിച്ചിരുന്നു. ദേശീയ മാധ്യമങ്ങൾ വരികയും പരിപാടിയിൽ പങ്കെടുക്കുകയും വാർത്ത എഴുതുകയും ചെയ്തു. മലയാളത്തിലെ ഒരു മാധ്യമപ്രവർത്തക പോലും പരിപാടിയിൽ എത്തിയില്ല.

**ഡൗൺ ടു എർത്ത് മാസികയുടെ ഒരു സർവ്വെ പറയുന്നത് ഇന്ത്യയിലെ സ്ത്രീകളുടെ ജനസംഖ്യയിൽ 12 ശതമാനം സ്ത്രീകൾ സാനിറ്ററി നാപ്കിനുകൾ ഉപയോഗിക്കുന്നുണ്ട് എന്നാണ്. അതായത് 36 മില്ല്യൺ സ്ത്രീകൾ. ഇതൊരു വലിയ കണക്കാണല്ലോ. അത്രയധികം ആരോഗ്യപ്രശ്നങ്ങളും സ്ത്രീകൾ നേരിടുന്നു എന്നല്ലേ ഇത് വ്യക്തമാക്കുന്നത്?**

ഡൗൺ ടു എർത്തിന്റേത് പഴയ കണക്കാണ്. 'നാഷണൽ സർവ്വേ സ്റ്റാറ്റിസ്റ്റിക്സ്' പറയുന്നത് ഇന്ത്യയിൽ നഗരപ്രദേശങ്ങളിൽ 77 ശതമാനം സ്ത്രീകളും ഗ്രാമപ്രദേശങ്ങളിൽ 55

ശതമാനം സ്ത്രീകളും സാനിറ്ററി നാപ്കിനുകൾ ഉപയോഗിക്കുന്നുണ്ട് എന്നാണ്. സത്യത്തിൽ ഈ വിഷയത്തിൽ കൃത്യമായ ഒരു കണക്ക് പറയാൻ കഴിയില്ല. ആദ്യമൊക്കെ കോർപ്പറേറ്റുകൾ അവകാശപ്പെട്ടിരുന്നത് നാപ്കിനുകളിൽ കോട്ടൺ 'വുഡ് പൾപ്പ്' മാത്രമാണ് ഉപയോഗിക്കുന്നത് എന്നാണ്. 2010 ഓടെ മനസ്സിലാക്കാൻ സാധിച്ചത് നാപ്കിനുകളിലെ ഏറ്റവും ആദ്യത്തെ പാളി പൂർണ്ണമായും പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ചതും, ഉള്ളിൽ പഞ്ഞിപോലെ കാണുന്നത് വുഡ് പൾപ്പിൽ സൂപ്പർ അബ്സോർബന്റ് പോളിമേസ് (എസ്എപി) മിക്സ് ചെയ്തതും ആണെന്നാണ്. (എസ്.എ.പി എന്നുവെച്ചാൽ പ്ലാസ്റ്റിക് അടിസ്ഥാനമായുള്ള ഒരു ജെൽ ആണ്. അത് സ്രവണത്തെ ഉപരിതലത്തിൽ നിന്നും പാഡിന്റെ അടിത്തട്ടിലേക്ക് വലിച്ചെടുക്കുന്നു. ലീക്ക് പ്രൂഫ് ആയിട്ടുള്ള ഒന്ന്). പരസ്പരം വേർതിരിക്കാനാവാത്ത വസ്തുക്കളുടെ നിർമ്മിതിയാണിത്. സത്യത്തിൽ സാനിറ്ററി പാഡുകൾ 90 ശതമാനവും പ്ലാസ്റ്റിക് ആണ്. ഈ പ്ലാസ്റ്റിക് ഒരു കാലത്തും നശിക്കില്ല. കുഴിച്ചിട്ടാൽ 800 വർഷം എടുത്താലും നശിക്കില്ല. നാപ്കിനുകൾ ക്ലോറിൻ ബ്ലീച്ച് ചെയ്യുന്നവയാണ്. ഇത് കത്തിക്കുമ്പോൾ ഡയോക്സിൻ പുറപ്പെടുവിക്കുന്നു. ഇത് വിഷമാണ്. ശരീരത്തിനും മണ്ണിനും ഇത് ദോഷം ചെയ്യുന്നു. ഇനി ടോയ്‌ലെറ്റിൽ ഫ്ളഷ് ചെയ്യുകയാണെങ്കിൽ ഇത് ഡ്രെയ്നേജുകളിലെത്തി, അതിലെ മലവും മൂത്രവുമായി കൂടിച്ചേർന്ന് വലിയൊരു ബോൾ പോലെയാവുന്നു. പിന്നീട് ക്ലീനിങ് തൊഴിലാളികൾ ഡ്രെയ്നേജ് വൃത്തിയാക്കുമ്പോൾ അവർക്ക് വലിയ തോതിലുള്ള ആരോഗ്യ പ്രശ്നങ്ങളുണ്ടാകാൻ ഇത് കാരണമാകുന്നു.

ഏകദേശം 40 വർഷം ആർത്തവമുണ്ടാവുന്ന ഒരു സ്ത്രീ 6000 നാപ്കിനുകൾ ഉപയോഗിക്കുന്നുണ്ട്. അപ്പോൾ ഒന്നു ചിന്തിച്ചു നോക്കൂ; നാപ്കിനുകൾ ഉപയോഗിക്കുന്ന സ്ത്രീകൾ എത്രത്തോളം മാലിന്യം സൃഷ്ടിക്കുന്നുണ്ടെന്ന്. ഇത്രക്കും ആരോഗ്യപ്രശ്നങ്ങളും സ്ത്രീകൾക്ക് ഉണ്ടാവുന്നുണ്ട്. ഉപയോഗിച്ചു കഴിഞ്ഞ നാപ്കിനുകളിൽ യോനീദ്രവം ഉള്ളതുകൊണ്ട് അത് റീ-സൈക്കിൾ ചെയ്യാനും കഴിയില്ല. പാഡ് ഉപയോഗിക്കുമ്പോൾ അതിലെ ഡയോക്സിൻ ചെറിയ തോതിൽ യോനീസ്രവത്തിലൂടെ ശരീരത്തിലെത്തുന്നുണ്ട്. കേരളത്തിൽ കൂണുപോലെ മുളച്ചുപൊന്തുന്ന ഫെർട്ടിലിറ്റി സെന്ററുകളിൽ എത്തുന്നവരിൽ ചെറിയൊരു ശതമാനം സ്ത്രീകൾ നാപ്കിനുകൾ ഉപയോഗിച്ചതുകൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരാണ്. ജനിക്കുന്ന തലമുറകൾക്ക് ഡയോക്സിൻ മൂലമുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകില്ലാ എന്നൊന്നും പറയാൻ കഴിയില്ല. കൂടാതെ അധികസമയം പാഡ് ഉപയോഗിക്കുന്നത് ഗർഭാശയ രോഗങ്ങൾക്കും, കാൻസറിന് വരെയും കാരണമാകും.

**ഉപയോഗിച്ചുകളയുന്ന നാപ്കിനുകൾ എന്തെല്ലാം മലിനീകരണ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്?**

നേരത്തേ പറഞ്ഞല്ലോ, ആർത്തവസമയത്ത് ഒരു സ്ത്രീ ദിവസം മൂന്നോ അതിൽ കൂടുതലോ പാഡുകൾ ഉപയോഗിക്കുന്നുണ്ട്. ഇത് നിർമാർജനം ചെയ്യാൻ ഒന്നുകിൽ കുഴിച്ചിടണം, അല്ലെങ്കിൽ കത്തിക്കണം. കുഴിച്ചിട്ടാൽ ഇത് മണ്ണിന് നാശം വരുത്തും. കത്തിക്കുകയാണെങ്കിൽ 800 ഡിഗ്രിക്ക് മുകളിൽ ചൂടിൽ കത്തിക്കണം. മാക്സിമം അഞ്ച് മിനിട്ട് എടുത്താലേ ഇവ പൂർണ്ണമായി നശിക്കുകയുള്ളു. ഇങ്ങനെ ഒരു സംവിധാനം ലോകത്ത് തന്നെ നിലവിലില്ല. അപ്പോൾ ഇത് സീറോ വേസ്റ്റ് അല്ല. കേരളത്തിലെ എല്ലാ വനിതാ ഹോസ്റ്റലുകളിലും ചെയ്യുന്നത് പാഡ് കൂട്ടമായിട്ട് കത്തിക്കുകയാണ്. എന്തൊരു അപകടമാണിത്. വലിയ തോതിൽ മലിനീകരണമുണ്ടാക്കും. കത്തുമ്പോൾ പുറത്തുവരുന്നത് വിഷമാണ്. ഈ വിഷം ശ്വസിക്കുമ്പോൾ ആരോഗ്യപ്രശ്നം ഉണ്ടാവുകയും വായുവിലും വെള്ളത്തിലും മണ്ണിലും മറ്റും കലർന്ന് മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. നേരത്തേ പറഞ്ഞല്ലോ, ഫ്ളഷ് ചെയ്യുന്ന നാപ്കിനുകൾ ഡ്രെയ്നേജിൽ അടിയും എന്ന്. ശുചീകരണ തൊഴിലാളികൾക്ക് ഈ നാപ്കിനുകളിൽ നിന്നും അണുബാധയു

കുഴിച്ചിട്ടാൽ ഇത് മണ്ണിന് നാശം വരുത്തും. കത്തിക്കുകയാണെങ്കിൽ 800 ഡിഗ്രിക്ക് മുകളിൽ ചൂടിൽ കത്തിക്കണം. മാക്സിമം അഞ്ച് മിനിട്ട് എടുത്താലേ ഇവ പൂർണ്ണമായി നശിക്കുകയുള്ളൂ. ഇങ്ങനെ ഒരു സംവിധാനം ലോകത്ത് തന്നെ നിലവിലില്ല. അപ്പോൾ ഇത് സീറോ വേസ്റ്റ് അല്ല. കേരളത്തിലെ എല്ലാ വനിതാ ഹോസ്റ്റലുകളിലും ചെയ്യുന്നത് പാഡ് കൂട്ടമായിട്ട് കത്തിക്കുകയാണ്. എന്തൊരു അപകടമാണിത്. വലിയ തോതിൽ മലിനീകരണമുണ്ടാക്കും. കത്തുമ്പോൾ പുറത്തുവരുന്നത് വിഷമാണ്.

ണ്ടാവുന്നു. ദേശീയ ശരാശരിയെടുത്താൽ 40–50 വയസ്സിനിടയിൽ ശുചീകരണത്തൊഴിലാളികൾ മരിക്കാനിടവരുന്നുണ്ട്. അതിന് ഒരു കാരണം ഈ മാലിന്യങ്ങൾ ആണെന്നു പറയാം. അത്രക്കും മാരകമായ വിഷമാണിത്.

**നാപ്കിനുകളുടെ പരസ്യങ്ങൾ സാധാരണക്കാർക്കിടയിൽ വലിയ സ്വാധീനം ചെലുത്തുന്നില്ലേ? സ്വാതന്ത്ര്യത്തേയും സൗകര്യത്തേയും കുറിച്ചാണല്ലോ അത് സംസാരിക്കുന്നത്?**

ഇന്ത്യയിൽ പ്രധാനമായും മൂന്ന് കമ്പനികളാണ് സാനിറ്ററി നാപ്കിനുകളുടെ നിർമ്മാണ രംഗത്തുള്ളത്. പ്രൊട്ടക്ടർ ആന്റ് ഗാംമ്പിൾ ഇന്ത്യ, ജോൺസൺ ആന്റ് ജോൺസൺ, ഹിന്ദുസ്ഥാൻ യൂണിലിവർ. കോടികളാണ് ഇവർ പരസ്യങ്ങൾക്കുവേണ്ടി ചെലവാക്കുന്നത്. ഏകദേശം 30 രൂപക്ക് മുകളിലാണ് 8 പാഡിന്റെ കിറ്റിന് കമ്പനികൾ ഈടാക്കുന്നത്. ഇത് ഭയങ്കര കൊള്ളയാണ്. 10 രൂപക്ക് 8 പാഡുകൾ വിറ്റാൽ പോലും കമ്പനികൾക്ക് ലാഭമാണ്. സർക്കാർ സാനിറ്ററി നാപ്കിനുകൾക്ക് നികുതിയും ഈടാക്കുന്നില്ല. വൻ കോർപ്പറേറ്റ് ലോബി തന്നെ ഇതിന്റെ പിറകിലുണ്ട്. നമ്മുടെ ക്യാമ്പസുകളിൽ സയൻസിൽ ഗവേഷണം ചെയ്യുന്ന വിദ്യാർഥികൾ സാനിറ്ററി നാപ്കിനുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക, സാമൂഹ്യ, ആരോഗ്യ, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ഒരു കുറിപ്പ് പോലും എഴുതാൻ തയ്യാറല്ല. അതിന് പ്രധാന കാരണം ഇന്ത്യയിലെ ഒട്ടുമിക്ക ക്യാമ്പസുകളിലെയും സയൻസ് ഗവേഷണങ്ങൾക്ക് ഫെല്ലോഷിപ്പ് നൽകുന്നത് ഈ സ്ഥാപനങ്ങളാണ് എന്നതാണ്. കേന്ദ്ര സർക്കാരിന്റെ പദ്ധതികളായ 'സ്വച്ഛ് ഭാരത് മിഷൻ', 'ബേഠി ബച്ചാവോ, ബേഠി പഠാവോ' തുടങ്ങിയ പദ്ധതികൾ സാനിറ്ററി നാപ്കിനുകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു വിവരവുമില്ലാത്തവരാണ് അധികാരത്തിലുള്ളത്. ഇവരെപ്പോലെ നമ്മുടെ നാട്ടിലെ ഗൈനക്കോളജിസ്റ്റുകളും നഴ്സുമാരും സാനിറ്ററി നാപ്കിനുകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് അന്ധരാണ്. ഒരിക്കൽ ഒറീസയിലെ ഒരു ഗ്രാമം സന്ദർശിക്കുന്നതിനിടെ അവിടുത്തെ സ്ത്രീകളോട് നിങ്ങൾ എന്ത് തരത്തിലുള്ള പാഡുകളാണ് ഉപയോഗിക്കുന്നതെന്ന് ചോദിക്കുകയുണ്ടായി. ഞങ്ങൾ തുണികൊണ്ടുള്ള പാഡുകളാണ് ഉപയോഗിച്ചിരുന്നത്, എന്നാൽ ടി.വിയിൽ പരസ്യം കണ്ട ശേഷം ഞങ്ങളിപ്പോൾ അത്തരം പാഡുകളാണ് ഉപയോഗിക്കുന്നത് എന്നായിരുന്നു അവരുടെ മറുപടി. കണ്ടില്ലേ, ഇത്തരത്തിൽ പരസ്യങ്ങൾ സ്ത്രീകളെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെയും സൗകര്യത്തിന്റെയും പേരുപറഞ്ഞ് പരസ്യങ്ങൾ മറ്റ് പല യാഥാർത്ഥ്യങ്ങളും മൂടിവയ്ക്കുന്നു. മറ്റൊരു പ്രധാനകാര്യം, വിപണിയിൽ കിട്ടുന്ന ഒരൊറ്റ സാനിറ്ററി പാഡുകളിലും ഹെൽത്ത് ലേബൽ (ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്) ഇല്ല എന്നതാണ്.


**പ്ലാസ്റ്റിക് പാഡുകൾ എങ്ങനെയാണ് ഉപേക്ഷിക്കാൻ കഴിയുന്നത്? എന്താണ് ബദൽ സാധ്യത? കേരളത്തിൽ തുണികൊണ്ടുള്ള പാഡുകൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ ഉണ്ടോ?**

കേരളത്തിൽ മൂന്നോ നാലോ കൂട്ടായ്മകൾ തുണികൊണ്ടുള്ള പാഡുകൾ ഉണ്ടാക്കുന്നുണ്ട്. പക്ഷേ അത് മാർക്കറ്റിൽ എത്തിക്കാൻ വളരെ ബുദ്ധിമുട്ടാണ്. കാരണം പ്ലാസ്റ്റിക് പാഡുകളുടെ പരസ്യങ്ങൾ സ്ത്രീകളിലുണ്ടാക്കിയിരിക്കുന്ന സ്വാധീനത്തെ മറികടക്കാൻ പ്രയാസമാണ്. അതുകൊണ്ടുതന്നെ വലിയ തോതിലുള്ള ക്യാമ്പയിൻ തുടക്കത്തിൽ ആവശ്യമുണ്ട്. തമിഴ്നാട്ടിൽ ചില ഗ്രാമങ്ങൾ ഉണ്ട്. അവിടെയുള്ള സ്ത്രീകൾ ഇപ്പോഴും തുണികൊണ്ടുള്ള പാഡ് ആണ് ഉപയോഗിക്കുന്നത്. അത് സാധാരണ കട്ടികുറഞ്ഞ തുണികൊണ്ടുള്ളവയാണ്. ഒന്നുകിൽ എല്ലാ മാസവും പുതിയ പുതിയ തുണികൾ വാങ്ങിക്കും. ഇങ്ങനെ വാങ്ങാൻ സാമ്പത്തികമില്ലാത്തവർ പഴയത് തന്നെ ഉപയോഗിക്കും. ബദൽ ഉത്പന്നങ്ങളും തമിഴ്നാട്ടിലെ വിപണിയിൽ ഇപ്പോൾ ലഭ്യമാണ്. അരുണാചലം മുരുകാനന്ദൻ എന്നയാളുടെ കമ്പനിയായ ജയശ്രീ ഇൻഡസ്ട്രീസ് ആണ് പ്രധാനമായും ആൾട്ടർനേറ്റീവ് പാഡുകൾ ഉണ്ടാക്കുന്നത്. ഇതാവട്ടെ വീണ്ടും ഉപയോഗിക്കാൻ സാധിക്കാത്തതാണ്. അവരും പറയുന്നത് പാഡ് ഉപയോഗിച്ച് കഴിഞ്ഞാൽ കത്തിക്കണം എന്നാണ്.

**വിപണിയിൽ ലഭ്യമായിട്ടുള്ള തുണികൊണ്ടുള്ള പാഡുകൾ ഒന്നിന് തന്നെ 236 രൂപ വിലയുണ്ട്, അതായത് എക്കോ-ഫെമ്മിയുടെ പാഡുകൾക്ക്. ഇത് സാധാരണക്കാർക്ക് താങ്ങാനാവുമോ?**

ശരിയാണ്, പക്ഷേ നിങ്ങൾക്ക് 3000 രൂപ കൊടുത്താൽ 15 തുണികൊണ്ടുള്ള പാഡുകളുടെ കിറ്റ് കിട്ടും. അത് നിങ്ങൾക്ക് അഞ്ച് വർഷം വരെ ഉപയോഗിക്കാം. അതായത് നിങ്ങൾ കമ്പനികളുടെ ഉത്പന്നങ്ങൾ വാ

*⇨ എന്നാൽ നോർത്ത് ഇന്ത്യയിലൊക്കെ ഇങ്ങനെ ചെയ്താൽ സ്ത്രീകളെ തല്ലുക വരെ ചെയ്യും ⇨*




നിരവധി തവണ നാപ്കിൻ ഉത്പാദാക്കളായ കമ്പനികളെ സമീപിച്ചിട്ടും മാലിന്യത്തിന്റെ കാര്യത്തിൽ അവർ തീരുമാനമെടുക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച്, മാലിന്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീത്തൊഴിലാളികളുടെ സഹകരണസംഘമായ 'സ്വച്ഛ്' ഉപയോഗം കഴിഞ്ഞ സാനിട്ടറി പാഡുകൾ ചാക്കിൽകെട്ടി കമ്പനികൾക്ക് തിരിച്ചയയ്ക്കുന്നു. 2013ൽ നടന്ന ക്യാമ്പയ്ൻ.

ഞാൻ മൂന്ന് വർഷം ചെലവാക്കുന്ന പണം മതി ഇത് വാങ്ങാൻ. ഇതിൽ വൺടൈം ഇൻവെസ്റ്റ്മെന്റ് കൂടുതലാണ്. എന്നാലും നിങ്ങൾക്ക് ആരോഗ്യത്തോടെ ജീവിക്കാമല്ലോ. പരിസ്ഥിതിയേയും നശിപ്പിക്കേണ്ട.

**തുണികൊണ്ടുള്ള പാഡുകളെ പോലെ മെൻസ്ട്രേഷൻ കപ്പുകളും ഇപ്പോൾ വലിയ ചർച്ചാ വിഷയമാണല്ലോ. എന്താണ് അഭിപ്രായം?**

സത്യത്തിൽ സൗത്ത്കൊറിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ 1960 മുതൽക്കേ മെൻസ്ട്രേഷൻ കപ്പുകൾ വിപണിയിൽ ഉണ്ട്. 45 വർഷത്തോളം ഇത് ഉപയോഗിച്ച സ്ത്രീകളും ഉണ്ട്. കഴിഞ്ഞ 10 വർഷം ആയതേയുള്ളൂ, ഇന്ത്യയിൽ മെൻസ്ട്രേഷൻ കപ്പുകൾ വിപണിയിൽ എത്തിയിട്ട്. പക്ഷേ, നമ്മുടെ സ്ത്രീകൾക്ക് ഇപ്പോഴും ഇതിനെക്കുറിച്ച് അറിവില്ല. തീർച്ചയായും ഇതും ഒരു നല്ല ബദൽ മാർഗ്ഗമാണ്.

**എങ്ങനെയാണ് തുണികൊണ്ടുള്ള പാഡുകളും, മെൻസ്ട്രേഷൻ കപ്പും ശുചീകരിക്കേണ്ടത്?**

തുണികൊണ്ടുള്ള പാഡുകൾ ഉപയോഗത്തിന് ശേഷം അരമണിക്കൂർ പച്ച വെള്ളത്തിൽ മുക്കിവെക്കുക. അതിനു ശേഷം നന്നായി അലക്കി വെയിലത്ത് ഇട്ട് ഉണക്കുക. കേരളത്തിലെ സ്ത്രീകൾക്ക് കിട്ടിയ ഒരു ഭാഗ്യം തുണി വെയിലത്ത് ഉണക്കാനിട്ടാൽ അധികമാരും പ്രതികരിക്കില്ല എന്നതാണ്. എന്നാൽ നോർത്ത് ഇന്ത്യയിലൊക്കെ ഇങ്ങനെ ചെയ്താൽ സ്ത്രീകളെ തല്ലുക വരെ ചെയ്യും. അവർക്ക് അത് അയിത്തത്തിന്റെ ഭാഗമാണ്. മെൻസ്ട്രേഷൻ കപ്പുകൾ ഉപയോഗിച്ച് കഴിഞ്ഞതിന് ശേഷം അരമണിക്കൂർ ചൂടുവെള്ളത്തിൽ ഇട്ടുവെക്കുക. എന്നിട്ട് വൃത്തിയുള്ള തുണികൊണ്ട് തുടച്ച് വീണ്ടും ഉപയോഗിക്കാം.

**സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ ക്യാമ്പയ്ൻ വഴി ഇക്കാര്യങ്ങൾ എങ്ങനെ സ്ത്രീകളിൽ എത്തിക്കാനാണ് വിചാരിക്കുന്നത്?**

മൂന്ന് കാര്യങ്ങളാണ് വിചാരിക്കുന്നത്. ഒന്ന് ഇതിന്റെ പാരിസ്ഥിതിക വശം, രണ്ട് ആരോഗ്യപ്രശ്നങ്ങൾ, മൂന്ന് നയപരമായ ഇടപെടലുകൾ. പിന്നെ, ബദൽ പാഡുകളെ വില കുറച്ചുകൊണ്ടുവരുന്നതിനുള്ള ഇടപെടലുകളും നടത്തണമെന്നുണ്ട്. സത്യത്തിൽ ഇത്രയും വർഷങ്ങളായി ജോൺസൺ ആന്റ് ജോൺസൺ, ഹിന്ദുസ്ഥാൻ യൂണിലിവർ പോലെയുള്ള കുത്തകകൾ മനുഷ്യാവകാശ ലംഘനം തന്നെയാണ് നടത്തുന്നത്. ഇതിന് ഒരു മാറ്റമുണ്ടാവാൻ പോളിസി തലത്തിൽ ഇടപെടലുകൾ ഉണ്ടാവണം. പാഡുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ രൂക്ഷതയെക്കുറിച്ച് മുമ്പ് സംസാരിച്ചല്ലോ. ഇതിൽ കൂടുതൽ ഗവേഷണങ്ങൾ ഉണ്ടാവണം. മുകൾത്തട്ട് മുതൽ, അതായത് ഡോക്ടർമാർ മുതൽ സാധാരണ സ്ത്രീകളെ വരെ സാനിറ്ററി നാപ്കിനുകളെക്കുറിച്ച് ബോധവാന്മാരാക്കണം. ഇ

## സാനിട്ടറി പാഡുകൾ: ഒരു താരതമ്യം

| നാപ്കിൻ | വില (ഒന്നിന്) | ജീർണ്ണിക്കുന്നത് | പുനരുപയോഗിക്കാവുന്നത് |
|---|---|---|---|
| **പ്രമുഖ ബ്രാൻഡുകൾ**<br>സ്റ്റേഫ്രീ സെക്യുർ കോട്ടണി സോഫ്റ്റ് (ജോൺസൺ & ജോൺസൺ) | 2.50 രൂപ | അല്ല | അല്ല |
| കെയർഫ്രീ റെഗുലർ (ജോൺസൺ & ജോൺസൺ) | 5.25 രൂപ | അല്ല | അല്ല |
| വിസ്പർ ചോയ്സ് (പ്രോക്ടർ & ഗാംബിൾ) | 4.00 രൂപ | അല്ല | അല്ല |
| വിസ്പർ XL വിംഗ്സ് (പ്രോക്ടർ & ഗാംബിൾ) | 11.14 രൂപ | അല്ല | അല്ല |
| **ബദലുകൾ**<br>ഇക്കോ-ഫെമ്മ പാഡ് (ഇക്കോ-ഫെമ്മ കൂട്ടായ്മ) | 236 രൂപ (ഗ്രാമീണർക്ക് വിലക്കുറവ്) | ഭാഗികമായി | കഴുകി ഉപയോഗിക്കാം |
| ഫലാലിൻ ക്ലോത്ത് (സേവ റൂറൽ) | 10.00 രൂപ (ഗ്രാമീണർക്ക് വിലക്കുറവ്) | അതെ | കഴുകി ഉപയോഗിക്കാം |
| മൈപാഡ് (ഗൂഞ്ച്, ബാംഗ്ലൂർ) | 2.00 രൂപ | അതെ | കഴുകി ഉപയോഗിക്കാം |
| ജയശ്രീ ഇൻഡസ്ട്രീസ് (തമിഴ്നാട്) | 1.00 രൂപ | ഭാഗികമായി | അല്ല |
| ആനന്ദി പാഡ് (അക്കാർ, മുംബൈ) | 2.50 രൂപ | അതെ | അല്ല |

*Source: Grist Media*

തിന് വലിയൊരു അധ്വാനം ആവശ്യമുണ്ട്. അതിന് വേണ്ടി സ്ത്രീ കൂട്ടായ്മയിലൂടെ സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ ക്യാമ്പയിൻ വിപുലപ്പെടുത്തണം. സ്കൂളുകളിലും കോളേജുകളിലുമുള്ള വിദ്യാർഥികളെ ക്യാമ്പയ്നിന്റെ ഭാഗമാക്കണം. ആൾ ഇന്ത്യാ വുമൺ കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ക്ലാസുകൾ സംഘടിപ്പിച്ച് തുണികൊണ്ടുള്ള പാഡുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ബോധവത്കരിക്കുന്നുണ്ട്.

**തുണികൊണ്ടുള്ള പാഡുകൾക്കും മെൻസ്ട്രേഷൻ കപ്പുകൾക്കും എങ്ങനെ വിപണി കണ്ടെത്താമെന്നാണ് ഉദ്ദേശിക്കുന്നത്? കോർപ്പറേറ്റുകൾ വളരെ ശക്തരായി ത്തന്നെ വിപണിയിലുണ്ടല്ലോ?**

ഇന്ത്യയിൽ തന്നെ പല സ്ഥലങ്ങളിലും, അതായത് പൂനെ, തമിഴ്നാട്, ഡൽഹി എന്നിവിടെയൊക്കെ ആൾട്ടർനേറ്റീവ് പാഡുകൾ നിർമ്മിക്കുന്നുണ്ട്. പക്ഷേ, അതൊന്നും വീണ്ടും ഉപയോഗിക്കാൻ കഴിയാത്ത പാഡുകളാണ്. ഉപയോഗത്തിന് ശേഷം കത്തിച്ചുകളയണം. അത് മറ്റൊരു പരിസ്ഥിതി പ്രശ്നമായിത്തീരും. നിലവിൽ ഇക്കോ-ഫെമ്മെ പോലുള്ള സംഘങ്ങളാണ് തുണികൊണ്ടുള്ള പാഡുകൾ വിപണിയിൽ എത്തിക്കുന്നത്. അതാവട്ടെ ചില കൂട്ടായ്മകളിലൂടെ മാത്രമാണ് ലഭ്യമാവുക. അല്ലാതെ മുഖ്യധാരാ വിപണിയിൽ ഇവ എത്തിയിട്ടില്ല. നമ്മുടെ നാട്ടിൽ തുണി കൊണ്ടുള്ള പാഡ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം. സ്ത്രീകളുടെ കൂട്ടായ്മകൾ മതി. അങ്ങനെയാണെങ്കിൽ അത് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ വളർത്തും. ഒന്നാലോചിച്ചുനോക്കൂ, ശരിക്കും മനുഷ്യാവകാശ ലംഘനമല്ലേ ഇവിടെ നടക്കുന്നത്. ഒരു സ്ത്രീ ഉപയോഗിക്കുന്ന സാനിറ്ററി നാപ്കിന്റെ ദൂഷ്യഫലങ്ങൾ അറിയാൻ ആ സ്ത്രീയെ 20 വർഷത്തേക്ക് പരീക്ഷണവസ്തുവാക്കണം. ഒരു വ്യക്തിയുടെ ആരോഗ്യത്തെ എത്ര ഭീകരമായാണ് കോർപ്പറേറ്റ് കമ്പനികൾ കൊള്ളയടിക്കുന്നത്. ഇത് സാമൂഹിക നീതിക്ക് എതിരാ

➪ അഞ്ചോ, ആറോ ഡിസൈനുകളിൽ തുണികൊണ്ടുള്ള പാഡുകൾ ഉണ്ടാക്കാം ➪



ശ്രദ്ധ ശ്രീജയ

ണ്. ശരിക്കും സ്ത്രീയ്ക്കു മേലുള്ള കോർപ്പറേറ്റ് ബലപ്രയോഗമാണിത്. ഇത് തകർക്കാൻ പ്രാദേശിക സമ്പദ്‌വ്യവസ്ഥ വിപുലപ്പെടുത്തുന്നതിലൂടെ മാത്രമേ സാധിക്കൂ.

വിപണി കണ്ടെത്തുന്നതിന് മുന്നേ നമ്മുടെ സ്ത്രീകളെ ബോധവത്കരിക്കണം. ഇപ്പോഴും ആർത്തവത്തെ അറപ്പോടെയും പേടിയോടെയും ആണ് സ്ത്രീകൾ സമീപിക്കുന്നത്. ഇത് മാറണം. ഇപ്പോഴും ജനങ്ങൾ ഒരു സാംസ്കാരിക പ്രശ്നമായിട്ടാണ് ആർത്തവത്തെ കാണുന്നത്. ഈ മനോഭാവവും മാറണം. ശരിക്കും ഇതൊരു ജൈവീക പ്രക്രിയയാണ്. ഇത്തരത്തിൽ ഒരു ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ഒരുപാട് ആളുകളുടെ സഹകരണം ആവശ്യമാണ്. ഫെയ്സ്ബുക്കിൽ കാണുന്നത് പോലുള്ള വെറും ഹാഷ്ടാഗ് ക്യാമ്പയ്നിൽ ഇത് ഒതുക്കാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ എക്കോ-ഫെമ്മയുടെ പാഡുകൾ ചില കൂട്ടായ്മകളിൽ വിൽക്കുന്നുവെന്ന് പറഞ്ഞല്ലോ. നമ്മുടെ പ്രാദേശിക കൂട്ടായ്മകളിൽ ഉണ്ടാക്കുന്ന പാഡുകൾ സൂപ്പർമാർക്കറ്റുകളിൽ വിൽപ്പനക്ക് എത്തിക്കാനാണ് ഇനി ശ്രമിക്കേണ്ടത്. കാരണം എല്ലാ സാമ്പത്തിക വിഭാഗത്തിൽപ്പെട്ട ആളുകളും ഇപ്പോൾ സൂപ്പർമാർക്കറ്റുകളിൽ വരുന്നുണ്ട്.

കൂടാതെ ഓൺലൈൻ വിൽപ്പന, കടകളിൽ കൊടുക്കുക, മെഡിക്കൽ ഷോപ്പുകൾ, പിന്നെ പൊതുപരിപാടികളിൽ സ്റ്റാളുകളിലൂടെയുള്ള വിൽപ്പന എന്നിവയൊക്കെ ഉദ്ദേശിക്കുന്നുണ്ട്. ഡൽഹിയിലെ മെഡിക്കൽ ഷോപ്പുകളിൽ മെൻസ്ട്രൽ കപ്പുകൾ വിൽക്കുന്നുണ്ട്. അങ്ങനെയൊക്കെ നമ്മുടെ നാട്ടിലും സംഭവിക്കേണ്ടേ? നല്ല ആരോഗ്യത്തോടെ സ്ത്രീകൾക്ക് ജീവിക്കേണ്ടേ? നമ്മുക്ക് അഞ്ചോ, ആറോ ഡിസൈനുകളിൽ തുണികൊണ്ടുള്ള പാഡുകൾ ഉണ്ടാക്കാം. ആർത്തവ സമയത്തുള്ള ചൊറിച്ചിൽ, നാറ്റം ഇവയൊന്നും ഉണ്ടാവില്ലതാനും. ആദ്യം മനോഭാവം മാറണം. ഇപ്പോൾതന്നെ ആറു മാസമൊക്കെ എടുത്തിട്ടാണ് ചില കുടുംബശ്രീ പ്രവർത്തകർക്കും ഇതിനെക്കുറിച്ച് മനസ്സിലാകുന്നത്. പരസ്യങ്ങൾ മൂലം എല്ലാവരും തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുകയല്ലേ.

**കുറച്ചുനാൾ മുമ്പ് 'ഹാപ്പി ടു ബ്ലീഡ്' എന്ന ക്യാമ്പയിൻ വന്നല്ലോ. 'ഹാപ്പ് ടു ബ്ലീഡ്' എന്ന ക്യാമ്പയ്ൻ സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ ക്യാമ്പയിന്റെ കൂടെ ഒന്നിച്ചു ചേർക്കാൻ പറ്റുന്നതാണോ?**

തീർച്ചയായും. 'ഹാപ്പി ടു ബ്ലീഡ്' എന്ന ക്യാമ്പയ്ൻ ഉണ്ടാവുന്നത് ഒരു പെൺകുട്ടി രക്തം പുരണ്ട പാഡ് ഫേസ്ബുക്കിൽ ഇട്ടതോടെയാണ്. അത് വളരെ ചർച്ചാവിഷയമായി. പല തരത്തിലുള്ള വിവാദങ്ങൾ ഉണ്ടായി. ഇതിനെത്തുടർന്നാണ് പൂനെയിലുള്ള ചില പെൺകുട്ടികൾ ചേർന്ന് 'ഹാപ്പി ടു ബ്ലീഡ്' എന്ന ക്യാമ്പയ്ൻ ആരംഭിക്കുന്നത്. ആർത്തവം എന്നാൽ അറപ്പോടെയും വെറുപ്പോടെയും കാണേണ്ട ഒന്നല്ല എന്നതായിരുന്നു ലക്ഷ്യം. ശബരിമലയിലെ തന്ത്രിയുടെ പ്രസ്താവനയോടെയാണ് കേരളത്തിൽ ക്യാമ്പയ്ൻ ആരംഭിക്കുന്നത്. അദ്ദേഹം പറഞ്ഞത് ആർത്തവചക്രമുള്ള സ്ത്രീകൾ ശബരിമലയിൽ കയറുന്നുണ്ടോ എന്നറിയാൻ സ്കാനർ വെക്കണം എന്നാണ്. ഇതിനൊക്കെ എന്താ മറുപടി കൊടുക്കുക. അത്രയും മണ്ടന്മാരായിട്ടുള്ള ആളുകളാണല്ലോ ഇവരൊക്കെ. വലിയ തോതിലുള്ള വിദ്യാഭ്യാസം ഈ കാര്യത്തിൽ കൊടുക്കേണ്ടതുണ്ട്.

സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ എന്നുള്ളത് ഒരു രാഷ്ട്രീയ കാഴ്ചപ്പാടാണ് എന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം ആർത്തവം എന്നുള്ളത് ഒരു സർഗ്ഗാത്മക പ്രവർത്തനമാണ്. ആർത്തവ സമയത്ത് നമ്മുടെ ശരീരത്തെ നമ്മൾ തന്നെ അഭിനന്ദിക്കണം. നമ്മൾ പ്രകൃതിയുടെ ഭാഗമാണെന്ന് നമുക്കുതന്നെ തോന്നണം. അങ്ങനെ നമ്മുടെ വേണ്ടാത്ത ചിന്തകളെ മറികടക്കണം. സസ്റ്റെയ്നബ്ൾ മെൻസ്ട്രേഷൻ കേരള കളക്ടീവ് എന്നുള്ള ഈ കൂട്ടായ്മയിലൂടെയെങ്കിലും നമുക്ക് പ്രതികരിക്കേണ്ടേ? നമ്മുടെ രാഷ്ട്രീയപ്രവർത്തനം ജനങ്ങളിലേക്ക് എത്തിക്കേണ്ടേ? ■


## കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...

**വാർഷിക വരിസംഖ്യ (12 ലക്കം) :**

**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**

**വിദേശത്തേക്ക് : 1200 രൂപ.**

**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**

**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

**കേരളീയം, കൊക്കാലെ, തൃശൂർ-680021**

ഫോൺ : 0487 2421385, 9446586943